ഇതു കൂടാതെ എല്ലാ വിഭാഗം കാർഡുടമകൾക്കുമായി 19-5-2010 മുതൽ 31-12-2010 വരെ 12.70 രൂപ വില്പന വിലയുള്ള 105818 മെ.ടൺ അരിയും 9.20 രൂപ വില്പനവിലയുള്ള 48052 മെ.ടൺ ഗോതമ്പും അനുവദിച്ചിരുന്നു. 2010 ഓണക്കാലത്തേക്ക് 16.20 രൂപ വില്പനവിലയുള്ള 50000 മെ.ടൺ അരിയും അനുവദിച്ചിരുന്നു.

വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ചെലവഴിച്ച തുക

89(1346) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എത്ര സംഖ്യ വീതം ഓരോ വർഷവും ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന 18-5-2006-നു ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിച്ച സബ്സിഡി (Under MIO Head).

വർഷം	സബ്സിഡി തുക (കോടി) മാർക്കറ്റ് ഇന്റർവെൻഷൻ	അരിക്കട തുക (കോടി)	ഓണക്കിറ്റ് തുക (കോടി)	ആകെ (കോടി)
മേയ്/2006-2007	23.62	*	6.38	30.00
2007-2008	42.92	7.08		50.00
2008-2009	69.32	25.68	(#)10.00	105.00
2009-2010	47.00	24.00	12.00	83.00
2010-2011 (Up to 12/2010)	49.31	10.00	14.31	73.62

* പദ്ധതി നിലവിലില്ലായിരുന്നു.

(#) ഓണക്കിറ്റ് വിതരണം നടത്തിയതിന് കോർപ്പറേഷന് 12 കോടി രൂപ ചെലവായിട്ടുണ്ട്.

പുതുതായി തുടങ്ങിയ മാവേലി സ്റ്റോറുകൾ

90(1347) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി തുടങ്ങിയ മാവേലി സ്റ്റോറുകളുടെ എണ്ണവും അവ എവിടെയൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ നീതി മെഡിക്കൽ ഷോപ്പുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 122 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ താലൂക്ക് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	- 7
കൊല്ലം	- 16
പത്തനംതിട്ട	- 3
ആലപ്പുഴ	- 6
കോട്ടയം	- 5
ഇടുക്കി	- 3
എറണാകുളം	- 7
തൃശ്ശൂർ	- 3
പാലക്കാട്	- 8
മലപ്പുറം	- 9
കോഴിക്കോട്	- 5
വയനാട്	- 3
കാസർഗോഡ്	- 1
ആകെ	76

നെല്ല് സംഭരണം

91(1348) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവർഷം സപ്ലൈകോ നെൽക്കർഷകരിൽ നിന്നും ആകെ എത്ര നെല്ല് സംഭരിക്കുകയുണ്ടായി ;

(ബി) കഴിഞ്ഞ വർഷം തൃശ്ശൂർ ജില്ലയിൽ നിന്നും എത്ര ടൺ നെല്ലാണ് സപ്ലൈകോ സംഭരിച്ചതെന്നറിയിക്കുമോ ;

(സി) അടുത്ത വർഷം സപ്ലൈകോ എത്ര നെല്ലാണ് പ്രസ്തുത ജില്ലയിൽ നിന്നും സംഭരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly